"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.യെൽദൊ കെ. ഗീവർഗ്ഗീസ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന കാലയളവ് ക്രമീകരിച്ച് കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1378/2024/H&FWD  തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇഎ.1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. ഡോ.നിഷ.എം.ചാക്കോ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.818/2023-മേലുള്ള 19.06.2023-ലെ ഉത്തരവ്
3. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 18.07.2023 -ലെ A1-412/2023/DMOH നമ്പർ ഉത്തരവ്.
4. സ.ഉ (സാധാ) നം.1855/2023/ആകുവ തീയതി 27.07.2023.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.11.2023, 01.02.2024 തീയതികളിലെ ഇ.എ1-21937/2023/ ആ.വ.ഡ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

2023 ലെ പൊതു സ്ഥലം മാറ്റത്തിൽ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിന്നും മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം ലഭിച്ച പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.യെൽദൊ കെ. ഗീവർഗീസ് 10.07.2023 പൂർവ്വാഹ്നത്തിൽ കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തിരുന്നുവെങ്കിലും, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്യപ്പെട്ട OA (EKM) No.818/2023-മേലുള്ള സ്റ്റേ ഉണ്ടായിരുന്നതിനാൽ ടിയാന് മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വരികയും ടിയാൻ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഡോ.യെൽദൊ.കെ.ഗീവർഗീസിന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ പിറവം താലൂക്ക് ആശുപത്രിയിലേയ്ക്ക് താൽക്കാലിക നിയമനം നൽകുകയും, ടിയാൻ പ്രസ്തുത സ്ഥാപനത്തിൽ 18.07.2023 പൂർവ്വാഹ്നം മുതൽ 27.07.2023 അപരാഹ്നം വരെ ജോലി ചെയ്യുകയുണ്ടായി. ഡോ.നിഷ.എം.ചാക്കോ, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ

ചെയ്ത OA(EKM) No.818/2023-ന്മേലുള്ള പരാമർശം (2) ഉത്തരവ് അനുവർത്തനം ചെയ്ത് കൊണ്ടുള്ള പരാമർശം (4) ഉത്തരവ് പ്രകാരം ഡോ.യെൽദോ.കെ.ഗീവർഗീസ് 28.07.2023-ൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു.

2) ഡോ.യെൽദോ.കെ.ഗീവർഗീസിന് ബഹു:ട്രൈബ്യൂണലിന്റെ സ്റ്റേ ഉത്തരവ് കാരണം ജോലിയിൽ പ്രവേശിക്കാൻ കഴിയാതിരുന്ന 18.07.2023 മുതൽ 27.07.2023 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി നൽകണമെന്നും, ടി കാലയളവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൃശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഒഴിവ് നിലവിലുണ്ടായിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (5) കത്തുകൾ പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. ഡോ.യെൽദോ കെ. ഗിവർഗ്ഗീസ് കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത 10.07.2023 മുതൽ 27.07.2023 വരെയുള്ള കാലയളവിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ ഒഴിവുണ്ടായിരുന്നതിനാൽ ഡോ.യെൽദോ കെ. ഗിവർഗ്ഗീസിന് ജോലിയിൽ പ്രവേശിക്കുവാൻ കഴിയാതിരുന്ന 10.07.2023 മുതൽ 27.07.2023 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREENA SHAMSUDDIN
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.
ഡോ.യെൽദോ കെ. ഗീവർഗ്ഗീസ്, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 07-06-2024 18:30:33

മേലെഴുത്ത് നം. ഇ.എ1- 21937/2024/ആ.വ.ഡ, തീയതി 20.06.2
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും വേണ്ട
ൽനടപടിക്കുവായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

21/6/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കു